II ഇ.ബി. XII- കേരള നിയമസഭ/X-3

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2009 ഫെബ്രുവരി 19, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

6 (*61) പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി

വ്യവസായവകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ ഏജൻസികളുമായും കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായും തന്ത്രപ്രധാനമായ വാണിജ്യ വ്യവസായ ബന്ധങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. ടെൽക് ആന്റ് നാഷണൽ തെർമ്മൽ പവർ കോർപ്പറേഷൻ ലിമിറ്റഡ്, ആട്ടോകാസ്റ്റ് ലിമിറ്റഡ് ആന്റ് ഇൻഡ്യൻ റെയിൽവേ, കിൻഫ്ര ആന്റ് എൻ.ടി.പി.സി. ഇലക്ട്രിക് സപ്ളൈ കമ്പനി ലിമിറ്റഡ്, സ്റ്റീൽ കോംപ്ളക്സ് ലിമിറ്റഡ് ആന്റ് സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ്, കെൽ ആന്റ് ഭാരത് ഹെവി ഇല്കട്രിക്കൽസ് ലിമിറ്റഡ് എന്നിവയാണ് സംയുക്ത സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്. കെൽ-ന്റെ കാസർഗോഡുള്ള യൂണിറ്റും ഭാരത് ഹെവി

ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ ഭോപ്പാൽ യൂണിറ്റുമായി ചേർന്നുകൊണ്ട് സ്ഥാപിക്കാനുദ്ദേശിക്കുന്ന സംയുക്ത സംരംഭത്തിനായി ഇരു കമ്പനികളും 3-2-2009-ൽ എം.ഒ.യു-വിൽ ഏർപ്പെട്ടിട്ടുണ്ട്. ട്രാക്ഷൻ ആന്റ് ഓയിൽ റിഗ് ഓൾട്ടർനേറ്ററുകൾ, ഇൻഡക്ഷൻ മോട്ടോറുകൾ, വിൻഡ് ഇലക്ട്രിക് ജനറേറ്ററുകൾ മുതലായവയാണ് ഈ സംയുക്ത സംരംഭത്തിൽ ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ ഏജൻസികളുമായും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായും തന്ത്രപ്രധാനമായ വാണിജ്യ വ്യവസായ ബന്ധങ്ങൾ സ്ഥാപിക്കുന്നതുവഴി കേരളത്തിൽ കൂടുതൽ മുതൽമുടക്കിനുള്ള സാഹചര്യം സൃഷ്ടിക്കുകയും കേരളത്തിലെ അഭ്യസ്ത വിദ്യരായവർക്കും സാങ്കേതിക വിദഗ്ദ്ധർക്കും തൊഴിൽ സാധ്യതകൾ വർദ്ധിക്കുകയും ചെയ്യും. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് നിലവിൽ വരുന്ന ഇത്തരം അതിനൂതന സാങ്കേതിക സംരംഭങ്ങൾ അനുബന്ധവ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുമെന്നതിനാൽ കേരളത്തിലെ ചെറുകിട ഇടത്തര വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് പ്രയോജനപ്രദമാകുകയും വാണിജ്യപരവും സാങ്കേതികവുമായ ഒരു നല്ല മുഖച്ഛായ സംസ്ഥാനത്തിന് നേടിത്തരികയും ചെയ്യും. ആഗോളസാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ എട്ട് പൊതുമേഖലാസ്ഥാപനങ്ങൾ സംയുക്ത സംരംഭമായും പ്രത്യേക യൂണിറ്റുകളായും സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. സെലക്ഷൻ ബോർഡ് രൂപീകരിച്ച് ഇന്റർവ്യൂ ചെയ്ത് തെരഞ്ഞെടുക്കുന്ന

വിദഗ്ദ്ധരെയാണ് പൊതുമേഖലാസ്ഥാപനങ്ങളുടെ സി.ഇ.ഒ. ആയി നിശ്ചയിക്കുന്നത്. മോശപ്പെട്ട ശമ്പള സ്കെയിലായതിനാൽ വിദഗ്ദ്ധരായ സി.ഇ.ഒ.-മാരെ കിട്ടാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ശമ്പള സ്കെയിൽ പുതുക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പൊതുമേഖലയെ സംരക്ഷിക്കുന്നതിനായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി ടൈ അപ് ഉണ്ടാക്കുകയും തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുമുണ്ട്. വ്യവസായവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 42 പൊതുമേഖലാസ്ഥാപനങ്ങളിൽ 30 എണ്ണം ഈ വർഷം ലാഭത്തിലാകു മെന്നാണ് പ്രതീക്ഷിക്കുന്നത്. അടുത്ത രണ്ടു വർഷംകൊണ്ട് മറ്റുള്ളവയും ലാഭകരമാക്കാനുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടെൽക്-ഉം നാഷണൽ തെർമ്മൽ പവർ കോർപ്പറേഷനും തമ്മിലുള്ള സംയുക്തസംരംഭത്തിന്റെ ഭാഗമായി ടെൽക്-ന്റെ ടേണോവറിൽ വലിയ വർദ്ധനവ് ഈ വർഷം ഉണ്ടാക്കാൻ കഴിയും. പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്ന തിരുവനന്തപുരത്തെ കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ലിമിറ്റഡിന്റെ സ്ഥലത്ത് സിഡ്കോയുമായി ചേർന്ന് ടെലികോം സിറ്റി സ്ഥാപിക്കാനുള്ള അനുമതി ഗവണ്മെന്റ് നൽകിയിട്ടുണ്ട്. ഡാൽമിയയുമായി കരാറുണ്ടാക്കി പുനലൂർ പേപ്പർ മിൽസ് പുനരുദ്ധരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. അലിൻഡിന്റെ കുണ്ടറ യൂണിറ്റ് പ്രവർത്തിപ്പിക്കാനുള്ള ശ്രമം നടത്തിവരുന്നുണ്ട്. പുനലൂരിലുള്ള ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിന്റെ കടബാധ്യതകൾ തീർത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ പുതിയ സംരംഭങ്ങൾ കൊണ്ടുവരാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കുറ്റിപ്പുറം ഡിറ്റർജന്റ് ഫാക്ടറിയുടെ സ്ഥലം ഉപയോഗപ്പെടുത്തി പുതിയ

സംരംഭം ആരംഭിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ചേർത്തല ആട്ടോകാസ്റ്റ് റെയിൽവേയുമായി ബന്ധപ്പെട്ട് ബോഗി നിർമ്മാണം നടത്താനുള്ള ധാരണാപത്രത്തിൽ ഒപ്പു വച്ചു. ആസ്തികളുടെ മൂല്യം നിശ്ചയിക്കുന്ന കാര്യത്തിൽ റെയിൽവേയുമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും ജോയിന്റ് വെൻചർ കമ്പനിയുണ്ടാക്കുന്ന കാര്യത്തിൽ റെയിൽവേ ലാ ഡിപ്പാർട്ട്മെന്റ് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ചേർത്തല കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡിന്റെ സ്ഥലം മറ്റു വ്യവസായങ്ങൾ ആരംഭിക്കാൻ ഉപയോഗിക്കുന്നതിനായി ഒരു പദ്ധതി ഉടൻ തയ്യാറാക്കുന്നതാണ്. കെ.എസ്.ഇ.ബി.-യും കെ.എസ്.ഐ.ഡി.സി.-യും സംയുക്തമായി അടിസ്ഥാനസൗകര്യവികസന പ്രവർത്തനങ്ങൾ നടത്തി കാസർകോട് ചീമേനിയിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ തെർമ്മൽ പവർ പ്ളാന്റ് സ്ഥാപിക്കാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതിന് അനുമതി നൽകിയിട്ടുണ്ട്. ട്രാവൻകൂർ റയോൺസ് തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി പരസ്യം നൽകി അതിന്റെ അടിസ്ഥാനത്തിൽ വരുന്ന പ്രൊമോട്ടർമാരുമായി കരാറുണ്ടാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ പ്രതിസന്ധി പരിഹരിക്കാനായി 10 കോടി രൂപ സംസ്ഥാന ഗവണ്മെന്റ് അടിയന്തിരസഹായം കൊടുക്കുകയും മലിനീകരണ നിയന്ത്രണ പദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീകാര്യം കെൽട്രോൺ കൗണ്ടേഴ്സിലെ തൊഴിലാളികളെ കെൽട്രോൺ ഏറ്റെടുക്കുകയും പ്രസ്തുത സ്ഥലം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സസിന് കൈമാറാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കെൽ-ന്റെ മൊത്തം നവീകരണപ്രവർത്തനങ്ങൾക്കായി ഒരു

പ്രോജക്ട് തയ്യാറാക്കാനായി ഡിലോയ്റ്റ് എന്ന കൺസൽട്ടൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. കെൽ-ന്റെ എടരിക്കോട് യൂണിറ്റിന്റെ വികസന പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. എച്ച്.എം.ടി.-യുടെ പുനരുദ്ധാരണത്തിനായി കേന്ദ്രസർക്കാർ ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്; അത് ത്വരിതപ്പെടുത്താനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിക്കുന്നതാണ്. പൊതുമേഖലാസ്ഥാപനങ്ങളുടെ ഒരിഞ്ചു ഭൂമിപോലും സ്വകാര്യമേഖലയ്ക്ക് വിൽക്കുകയോ കൈമാറുകയോ ചെയ്യുന്നതല്ലെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

7 (*62) <u>ആശുപത്രികളുടെ ഗുണനിലവാരം</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, സർക്കാർ ആശുപത്രികളെ ദേശീയ പൊതുജനാരോഗ്യ നിലവാരത്തിലേയക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്ററുകൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയവയുടെ നവീകരണപ്രവർത്തനങ്ങൾ നടത്തുന്നതാണെന്നും ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 115 സി.എച്ച്.സി.-കളുടെ നവീകരണപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. .ഓരോ സി.എച്ച്.സി.-യിലും രൂപീകരിച്ചിട്ടുള്ള സ്ഥാപനതല കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. നിർമ്മാണപ്രവർത്തനങ്ങൾക്ക് പുറമേ ഓരോ സ്ഥാപനത്തിനും ആവശ്യമായ സ്റ്റാഫ്, ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവയും ലഭ്യമാക്കും. കൂടാതെ 300-ലേറെ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട

ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനായി ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുമായി ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുകയും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി ആശുപത്രികളിലെ ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു. മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് എല്ലാ ഫാക്കൽട്ടീസിനും കൺടിന്യൂയിംഗ് എഡ്യൂക്കേഷൻ പ്രോഗ്രാം നടത്തുന്നുണ്ട്; കൂടാതെ ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന ഹെൽത്ത് സർവ്വീസിലുള്ള ഡോക്ടർമാർക്ക് പ്രത്യേക ട്രെയിനിംഗും കൊടുക്കുന്നുണ്ട്. പേഷ്യന്റ്സ് കെയർ ഉദ്ദേശിച്ചുകൊണ്ട് അക്കാഡമിക് നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി 5 മെഡിക്കൽ കോളേജുകളിലും 11 കോടി രൂപ ചെലവിൽ റെസിഡൻസി സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ സർക്കാർ ആശുപത്രികൾ മെഡിക്കൽ ഫീൽഡിലും നോൺ മെഡിക്കൽ ഫീൽഡിലും ക്വാളിറ്റി വർദ്ധിപ്പിച്ച് ആദ്യം ഐ.എസ്.ഒ. സർട്ടിഫിക്കറ്റും ക്രമേണ നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ഹെൽത്ത് സർട്ടിഫിക്കറ്റും നേടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ വേണ്ട ഡോക്ടർമാരുടെ നോംസിൽ മാറ്റം വരുത്തിയിട്ടില്ല. സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി സി.എച്ച്.സി.-കളെ ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ ഓരോ സി.എച്ച്.സി.-യിലും 7 ഡോക്ടർമാർ, 12 സ്റ്റാഫ് നഴ്സ്മാർ, രണ്ട് ഫാർമസിസ്റ്റുകൾ, രണ്ട് ലാബ് ടെക്നീഷ്യൻസ്, 1 റേഡിയോഗ്രാഫർ, 1 ഒപ്താൽമിക് അസിസ്റ്റന്റ് എന്നിവരുണ്ടായിരിക്കേണ്ടതാണ്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡുമായി ചേർന്ന് നിർമ്മിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 65 എണ്ണത്തിന്റെ പണി മാർച്ച് ആകുമ്പോൾ പൂർത്തിയാകുന്നതാണ്. തദ്ദേശഭരണസ്ഥാപനങ്ങളുടെ അനുമതിയോടുകൂടി

പ്രൈമറി ഹെൽത്ത് സെന്ററുകളിലുള്ള അഡീഷണൽ കെട്ടിടങ്ങളിൽ ആയുർവേദ-ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കെട്ടിടത്തിന് കേടുപാടുകൾ സംഭവിക്കാത്ത വിധത്തിൽ കാസർഗോഡ് ആശുപത്രിയിൽ റാമ്പ് നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്ത വയനാട് ജില്ലയിലെ നല്ലൂർനാട് ട്രൈബൽ ആശുപത്രിയിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഫെസിലിറ്റി സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് താലൂക്കാശുപത്രിയുടെ ഇന്നത്തെ നില മാറ്റി എടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. സൂപ്പർ സ്പെഷ്യാലിറ്റി ബിരുദമുള്ള ഡോക്ടർമാരുടെയും എക്സ്പെർട്ട്സിന്റെയും ലഭ്യതയനുസരിച്ച് പാലക്കാട് ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പൊൻകുന്നം ഗവണ്മെന്റ് ആശുപത്രിയിലെ ഐ.സി.യൂണിറ്റ് മുഴുവൻ സമയവും തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രൈവറ്റ് ആശുപത്രികളെ നിയന്ത്രിക്കാനോ പരിശോധന നടത്താനോ ഉള്ള സംവിധാനം ആരോഗ്യവകുപ്പിന് ഇല്ലെന്നും എന്നാൽ പരാതി ലഭിച്ചാൽ പരിശോധന നടത്താൻ നടപടി സ്വീകരിക്കാൻ കഴിയുമെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

8(*63) <u>വയോജന നയം</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 5-12-2006-ൽ വയോജനനയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനെ വയോജനനയം നടപ്പിലാക്കുന്നതിനുള്ള നോഡൽ

ഏജൻസിയായി നിശ്ചയിച്ച് കോർപ്പറേഷന് ലഭിച്ച പ്ലാൻ ഫണ്ട് ഇനത്തിലുള്ള 10 ലക്ഷം രൂപയും സ്റ്റാമ്പ് വില്പനയിലൂടെ ലഭിച്ച 30 ലക്ഷം രൂപയും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വയോജനങ്ങൾ, വൃദ്ധവികലാംഗർ എന്നിവർക്കായി ഓൾഡ് ഏജ് ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. 11 സർക്കാർ വയോജന കേന്ദ്രങ്ങളിലായി 397 അന്തേവാസികളും, സന്നദ്ധസംഘടനകൾ നടത്തുന്ന 153 വയോജന കേന്ദ്രങ്ങളിലായി 10,200 അന്തേവാസികളും ഉണ്ട്. സന്നദ്ധസംഘടനകൾ നടത്തുന്ന വയോജന കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം ആളൊന്നിന് 200 രൂപാവീതം സർക്കാർ അനുവദിക്കുന്നുണ്ട്. സംസ്ഥാനത്ത് 8 ഓൾഡ് ഏജ് ഹോമുകളോടനുബന്ധിച്ച് പകൽ പരിപാലനകേന്ദ്രം ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. പകൽ പരിപാലന കേന്ദ്രത്തിൽ വന്നുപോകുന്ന വയോജനങ്ങളുടെ യാത്രയ്ക്കുള്ള പ്രതിമാസ വാഹന വാടക 5000 രൂപയിൽ നിന്ന് 10,000 രൂപയായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സന്നദ്ധസംഘടനകൾക്ക് ഓൾഡേജ് ഹോമുകൾ പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ധനസഹായം നൽകി വരുന്നു. ജില്ലാ സാക്ഷരതാമിഷൻ വഴി 'ഓർമ്മ പുതുക്കാൻ അവസരം' പദ്ധതി പ്രകാരം പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനും വയോജനങ്ങളെ പ്രാപ്തരാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വയോജനങ്ങൾ ഉൾപ്പെടെയുള്ള സമൂഹത്തിലെ ദുർബല വിഭാഗത്തിന്റെ സേവനത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വയോജനനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വൃദ്ധസദനങ്ങളും ഡേ-കെയർ സെന്ററുകളും തുടങ്ങുന്നതിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്കും സന്നദ്ധസംഘടനകൾക്കും ഭരണ

പരമായ ചെലവുകൾക്കായി നടപ്പുസാമ്പത്തിക വർഷം 30 ലക്ഷം രൂപ പ്ളാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും വിവിധ പരിപാടികളോടെ 2007 ഒക്ടോബർ 1 വയോജനദിനമായി ആഘോഷിക്കുകയുണ്ടായി. ഒക്ടോബർ 5-ാം തീയതി തിരുവനന്തപുരത്ത് ജഗതിയിലുള്ള രാജീവ്ഗാന്ധി സെന്റ്ർ ഫോർ ബയോടെക്നോളജി ഹാളിൽ വച്ച് വയോജനങ്ങളും പ്രശ്നപരിഹാരങ്ങളും എന്ന വിഷയത്തിൽ ഒരു ഏകദിന ശില്പശാല സംഘടിപ്പിക്കുകയും ഈ സെമിനാറിൽ വയോജനസംഘടനകളിലെ പ്രതിനിധികളും വൃദ്ധസദനത്തിലെ അന്തേവാസികളും പങ്കെടുക്കുകയും അവർക്ക് കണ്ണടകളും ഔഷധകിറ്റുകളും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 15-3-2008 ൽ പൂജപ്പുരയിലുള്ള അച്യുതമേനോൻ ഹാളിൽ നടന്ന വയോജന കൗൺസിൽ യോഗത്തിന്റെ തീരുമാനപ്രകാരം കെ.എസ്.ആർ..ടി.സി. ബസ്സിൽ 4 സീറ്റുകൾ വീതം മുതിർന്ന പൗരൻമാർക്ക് റിസർവ് ചെയ്യണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.. സാമൂഹ്യക്ഷേമവകുപ്പിൻെറയും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 2008 ഒക്ടോബർ 1 അന്താരാഷ്ട്ര വയോജനദിനമായി ആചരിച്ചു. തിരുവനന്തപുരം ജില്ലാപഞ്ചായത്തുമായി സഹകരിച്ച് പാറശ്ശാലയിലെ കൊല്ലയിൽ വികലാംഗരായ വയോജനങ്ങൾക്ക് 'സാഫല്യം' എന്ന പേരിൽ ഒരു വയോജന മന്ദിരം തുറന്നിട്ടുണ്ട്. 26-6-2007-ലെ ഉത്തരവുപ്രകാരം സംസ്ഥാന വയോജന കൗൺസിലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ വൃദ്ധസദനങ്ങളിലെ വൃദ്ധജനങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ഒരു ഡയറ്റ്

സ്കെയിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നതും ചികിത്സയ്ക്ക് ശേഷം സംരക്ഷിക്കാൻ ആളില്ലാതെ കഴിഞ്ഞുവരുന്നതുമായ വൃദ്ധജനങ്ങളെ സന്നദ്ധസംഘടനകളുടെ സഹായത്തോടെ പുനരധിവസിപ്പിക്കുന്ന പദ്ധതിയും നടപ്പാക്കിവരുന്നു. ഇതുപ്രകാരം തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്ന് വിടുതൽ ചെയ്യുന്ന അന്തേവാസികളെ സംരക്ഷിക്കുന്ന 3 സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിവരുന്നു. സംസ്ഥാനത്ത് ജനറൽ/ജില്ലാ ആശുപത്രികളിൽ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കുള്ള ജറിയാട്രിക് ക്ലിനിക്കുകൾ നടത്തിവരുന്നു. വാർദ്ധക്യകാല പെൻഷനുള്ള 31-12-08 വരെയുള്ള ബഡ്ജറ്റ് വിഹിതം ഇതിനകം തന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കുടിശ്ശിക തുക ഈ വർഷം തന്നെ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മെഡിക്കൽകോളേജാശുപത്രിയിൽ ജെറിയാട്രിക്സിന് ക്യൂ സിസ്റ്റം വേണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 537 മുതൽ 825 വരെയുള്ള ചോദ്യങ്ങളിൽ 170 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)